മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

പെൻഷൻ ആനുകൂല്ല്യങ്ങൾ-ആദായനികുതിമുക്തമാക്കി വിതരണം ചെയ്യുന്നത് -അംഗീകരിച്ച്-ഉത്തരവാകുന്നു

---

**ഭരണവിഭാഗം എ.ഡി.എ8 വിഭാഗം**

**സ.ഉ.നമ്പർ: 7093/എ8/2018/ഭരണ വിഭാഗം** **തീയതി, പി.ഡി.ഹിൽസ്, 01/10/2018**

---

പരാമർശം: (1) കോട്ടയം ഇൻകം ടാക്സ് ഓഫീസർ 10.11.2016-ൽ അയച്ചുതന്ന ITO/TDS/KTM/ENQ/2016-17 നമ്പർ കത്ത്

(2) 27.03.2017 നും തുടർന്ന് 01.04.2017 നും ചേർന്ന സിൻഡിക്കേറ്റ് യോഗത്തിന്റെ മിനുട്ട്സ് ഇനം നമ്പർ O.A 3/17.03

(03) സ.ഉ.നം:2156/എ8/2017/ഭരണ വിഭാഗം തീയതി 18/04/2017

(04) സ.ഉ.നം:2393/എ8/2017/ഭരണ വിഭാഗം തീയതി 29/04/2017

(05) സ.ഉ.നം:2721/എ8/2017/ഭരണ വിഭാഗം തീയതി 10/05/2017

(06) 25/02/2018-ൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയീസ് യൂണിയൻ ജനറൽ സെക്രട്ടറി വൈസ് ചാൻസിലർ സമക്ഷം സമർപ്പിച്ച കത്ത്.

(07)19.05.2018-ാം തീയതി കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനുട്ട്സ് ഇനം . നമ്പർ131/18.04/181497

(08) സ.ഉ.നം: 4585/എ8/2018/ഭരണ വിഭാഗം തീയതി 06/06/2018

(09) KT-25/CIT(A)/ KTM/2017-18 നമ്പരായി സർവ്വകലാശാല സമർപ്പിച്ച അപ്പീൽ പരാതിയിൻമേൽ കമ്മീഷണർ ഓഫ് ഇൻകം ടാക്സ് (അപ്പീൽസ്)പുറപ്പെടുവിച്ച ഉത്തരവ്.

(10) 26.09.2018-ാം തീയതി കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനുട്ട്സ് ഇനം നമ്പർ ഒ.എ.33/18.08/182089

## ഉത്തരവ്

മുകളിൽ പരാമർശിച്ചിട്ടുള്ള 1-ാം നമ്പർ കത്ത് പ്രകാരം മഹാത്മാഗാന്ധി സർവ്വകലാശാല സേവനത്തിൽ നിന്നും വിരമിക്കുന്നവർക്ക് വിതരണംചെയ്യുന്ന വിരമിക്കൽ ആനുകൂല്യങ്ങളായ ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ തുക, ആർജ്ജിതാവധി വിരാമവിൽപ്പനത്തുക എന്നിവ ആദായ നികുതിയ്ക്ക് വിധേയമാണെന്നും ഇൻകം ടാക്സ് ആക്ട് 1961 സെക്ഷനുകൾ 10(10), 10(10A), 10(10AA) പ്രകാരമുള്ള പ്രസ്തുതനികുതി ഉറവിടത്തിൽ നിന്നും കുറവ്ചെയ്ത് ഒടുക്കേണ്ടതാണെന്നും സർവ്വകലാശാലയെ അറിയിച്ചു. ഇക്കാര്യം സ്റ്റാറ്റ്യൂട്ടറി ഫിനാൻസ് കമ്മിറ്റി പരിഗണിക്കുകയും തുടർന്ന് കൂടിയ സിൻഡിക്കേറ്റ് യോഗം പരാമർശം(2) പ്രകാരം പെൻഷണർമാർക്ക് അർഹതപ്പെട്ട വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുന്നതിനും ആയതിന്റെ 12%-ത്തിന് തുല്ല്യമായ തുക പെൻഷണറുടേയും ഫിനാൻസ് ഓഫീസറുടേയും പേരിലുള്ള ജോയിൻറ് അക്കൗണ്ടിൽ ഒരു വർഷത്തേക്കുള്ള സ്ഥിര നിക്ഷേപമാക്കി എം.ജി.യൂണിവേഴ്സിറ്റി ക്യാമ്പസ്സിലെ അന്നത്തെ എസ്.ബി.റ്റി.ശാഖയിൽ നിക്ഷേപിക്കുന്നതിനും ആയതിലേക്ക് ഉചിതമായ മൂല്ല്യമുള്ള

മുദ്രപ്പത്രത്തിൽ പെൻഷണറുമായി ഒരു ഉടമ്പടിയുണ്ടാക്കുന്നതിനുമുള്ള തീരുമാനമെടുത്തു. അതനുസരിച്ച് പരാമർശങ്ങൾ (3),(4),(5) സർവ്വകലാശാല ഉത്തരവുകൾ യഥാക്രമം പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശം(6) പ്രകാരം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയീസ് യൂണിയൻ ജനറൽ സെക്രട്ടറി വൈസ് ചാൻസിലർ സമക്ഷം സമർപ്പിച്ച കത്തി ലൂടെ പരാമർശം(5) ലെ സർവ്വകലാശാല ഉത്തരവ് പ്രകാരം പെൻഷണർമാരുടെ നികുതി ബാധ്യതയായ 12% കുറവ് ചെയ്യുന്ന പ്രക്രിയ മൂലം പെൻഷൻ വിതരണത്തിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തി. 19.05.2018-ൽ കൂടിയ സിൻഡിക്കേറ്റ് ഇക്കാര്യം പരിശോധിക്കുകയും മേൽ പരാമർശം(7) പ്രകാരം പെൻഷൻ ആനുകൂല്യങ്ങളിൽ നിന്ന് സ്ഥിര നിക്ഷേപത്തിനായി ഈടാക്കുന്ന 12% തുക ടെർമിനൽ സറണ്ടർ, ഡി.സി.ആർ.ജി, പെൻഷൻ കമ്മ്യൂട്ടേഷൻ എന്നിവയ്ക്ക് സംയുക്തമായി കണക്കാക്കാനും പ്രസ്തുത തുക ഡി.സി.ആർ.ജിയിൽ നിന്ന് മാത്രമായി ഈടാക്കാനും, ഡി.സി.ആർ.ജിയിൽ നിന്ന് തുക തികയാതെ വരുന്ന കേസുകളിൽ മറ്റ് പെൻഷൻ ആനുകൂല്യങ്ങൾ ചേർത്ത് ഈടാക്കാനും ഡി.സി.ആർ.ജിയിൽ നിന്ന് 12% തുക ഈടാക്കാൻ കഴിയുന്ന കേസുകളിൽ ടെർമിനൽ സറണ്ടർ, പെൻഷൻ കമ്മ്യൂട്ടേഷൻ എന്നിവ പരാമർശം(5) - ലെ സർവ്വകലാശാല ഉത്തരവ് പുറത്തിറങ്ങുന്നതിനു മുമ്പ് നൽകിയിരുന്ന രീതിയിൽ നൽകാനും തീരുമാനിച്ചു. അതിൻ പ്രകാരം പരാമർശം(8) സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചു.

ഇതേസമയം കോട്ടയം ഇൻകം ടാക്സ് ഓഫീസറുടെ ടി നിലപാടിനെതിരെ കമ്മീഷണർ ഓഫ് ഇൻകംടാക്സ്(അപ്പീൽസ്) മുമ്പാകെ KT-25/CIT(A)/KTM/2017-18 നമ്പരായി സർവ്വകലാശാല അപ്പീൽ സമർപ്പിച്ചു. ടി അപ്പീൽ പരാതിയിൽ വാദം കേട്ട കമ്മീഷണർ ഓഫ് ഇൻകംടാക്സ്(അപ്പീൽസ്) മേൽ പരാമർശം(9) പ്രകാരം സർവ്വകലാശാലയുടെ വാദം അംഗീകരിക്കുകയും വിരമിക്കൽ ആനുകൂല്യങ്ങൾ വിതരണം ചെയ്യുമ്പോൾ ഉറവിടത്തിൽനിന്നും നികുതി കുറവ്ചെയ്യുന്ന വിഷയത്തിൽ അപ്പീൽവാദിയായ സർവ്വകലാശാലയെ "State" ആയി പരിഗണിക്കുന്നുവെന്നും അപ്പീൽ വാദിയ്ക്ക് ഇൻകം ടാക്സ് ആക്ട് 1961-ലെ സെക്ഷൻ 10(10)(i) പ്രകാരമുള്ള നികുതിയിളവിന് അർഹതയുണ്ടെന്നും ആയതിനാൽ "statistical purposes"-നായി അപ്പീൽ അനുവദിക്കുന്നുവെന്നും ഉത്തരവായി.

26.09.2018-ൽ കൂടിയ സിൻഡിക്കേറ്റ് ഇക്കാര്യം പരിശോധിക്കുകയും പരാമർശം(10) പ്രകാരം മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ അംഗീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു:-

1. കമ്മീഷണർ ഓഫ് ഇൻകം ടാക്സ് (അപ്പീൽസ്) പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നടപ്പിലാക്കുക.

2. മേൽ വിവരിച്ച അപ്പീൽവിധി പ്രകാരം പെൻഷണർമാരുടെ വിരമിക്കൽ ആനുകൂല്ല്യങ്ങൾ നികുതി വിമുക്തമാക്കപ്പെട്ടതിനാൽ 27.03.2017-നും തുടർന്ന് 01.04.2017-നും കൂടിയ സിൻഡിക്കേറ്റ് യോഗത്തിൻെറ ഇനം നം. OA.3/17.03 പ്രകാരമുള്ള തീരുമാനങ്ങൾ, ആദായനികുതി ബാധ്യതയിലേക്കായി പെൻഷണർമാർക്ക് അർഹതപ്പെട്ട വിരമിക്കൽ ആനുകൂല്ല്യത്തിൽ നിന്നും പിടിച്ചുവയ്ക്കുന്ന 12% -ന് തുല്ല്യമായ തുക ഒഴിവാക്കി പ്രസ്തുത ആനുകൂല്ല്യങ്ങൾ പെൻഷണർമാർക്ക് 30.05.2017-ന് മുമ്പ് നൽകിയിരുന്നതു പോലെ ഉടമ്പടിയില്ലാതെ വിതരണം ചെയ്യുവാൻ ഭേദഗതി ചെയ്യുന്നു.

3. നാളിതുവരെ ഈ ഇനത്തിൽ സ്ഥിര നിക്ഷേപങ്ങളാക്കിയിട്ടുള്ള 12% -ന് തുല്ല്യമായ തുകകൾ, ആയവയ്ക്ക് ബാങ്ക് നാളിതുവരെ നൽകിയിട്ടുള്ള പലിശ സഹിതം അതാത് പെൻഷണർമാർക്ക് തിരികെ നൽകുക.

പരാമർശങ്ങൾ (3),(4),(5),(8) എന്നീ സർവ്വകലാശാല ഉത്തരവുകൾ മേൽ പ്രകാരം ഭേദഗതി ചെയ്യപ്പെട്ടിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
മനോജ്കുമാർ.കെ.എസ്
അസ്സിസ്റ്റൻറ് രജിസ്ട്രാർ1(ഭരണവിഭാഗം)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്

1 ബന്ധപ്പെട്ട വ്യക്തികൾ
2. വി.സി യുടെ പി.എസ്
3. രജിസ്ട്രാർ/എഫ്. ഒ/സി.ഇ എന്നിവരുടെ പി.എ മാർ
4 എ.ആർ/ഡി.ആർ/ജെ.ആർ/ഭരണം/ഫിനാൻസ്
5. സ്റ്റാൻഡിംഗ് കൗൺസൽ (ഭരണ വിഭാഗം ലീഗൽ സെക്ഷൻ വഴി)
6. ഫിനാൻസ്1/4/എഫ്.സി.സി സെക്ഷനുകൾ
7. ഓഡിറ്റ് 3/5 സെക്ഷനുകൾ
8. ജനറൽ ക്യാഷ്/കണ്ടൻറ് മാനേജ്മെൻറ്/പി.ആർ.ഒ സെക്ഷനുകൾ
9. അക്കൗണ്ട്സ് 5 / എ.സി.സി. I സെക്ഷനുകൾ
10. റെക്കോഡ്സ് സെക്ഷൻ
11. മാനേജർ, എസ്.ബി.ഐ, മഹാത്മാഗാന്ധി സർവ്വകലാശാല ക്യാമ്പസ് ശാഖ
12. എസ് എഫ്/എഫ് സി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം.എഡി.എ8/1/552/2017( ഉപഫയൽ)